"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് – പതിനാലാം പഞ്ചവൽസര പദ്ധതി - ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ 2022-23 വാർഷിക പദ്ധതി - പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച ഉപപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2632/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/12/2021

---

പരാമർശം:-

1. സ.ഉ.(കൈ)നം. 11/2018/തസ്വഭവ; തീയതി 29.01.2018.
2. സ.ഉ.(സാധാ)നം. 2766/2018/തസ്വഭവ; തീയതി 29.10.2018.
3. കേന്ദ്ര ധനകാര്യ മന്ത്രാലയം 14.07.2021-ന് പുറപ്പെടുവിച്ച 15(2) FC - XV/FCD/ 2020-25 നമ്പർ മാർഗരേഖ.
4. കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ സെക്രട്ടറിയുടെ 06.08.2021-ലെ എം. 11/02/2021 - സി.ബി. നമ്പർ കത്ത്.
5. സ.ഉ.(കൈ.) നം. 275/2021/തസ്വഭവ തീയതി 26.11.2021.
6. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോഓർഡിനേഷൻ കമ്മിറ്റിയുടെ 02-12-2021-ലെ യോഗത്തിലെ 3.1 നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

പ്രാദേശിക സർക്കാരുകൾക്കുള്ള വികസന ഫണ്ടിന്റെയും മെയിന്റനൻസ് ഫണ്ടിന്റെയും വിശദാംശങ്ങൾ ജനുവരി/ഫെബ്രുവരിയിൽ അവതരിപ്പിക്കുന്ന സംസ്ഥാന ബജറ്റിലൂടെ വ്യക്തമാകുന്നതിനെ തുടർന്ന് വാർഷിക പദ്ധതി അന്തിമമാക്കുന്ന രീതിയാണ് കേരളത്തിൽ അനുവർത്തിച്ച വരുന്നത്. എന്നാൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ 2022-23 വർഷത്തെ കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ 2 0 2 2 ജനുവരി അവസാനത്തോടെ കേന്ദ്ര സർക്കാരിന്റെ ഇ-ഗ്രാംസ്വരാജ് പോർട്ടലിലേയ്ക്ക് അപ് ലോഡ് ചെയ്യണമെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിക്കുകയാണ്.

2. മേൽപ്പറഞ്ഞ കേന്ദ്ര സർക്കാർ നിർദേശപ്രകാരം ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെ കാര്യത്തിൽ, 2022-23-ലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനോടൊപ്പമല്ലാതെ, പതിനഞ്ചാം ധനകാര്യ കമ്മീഷൻ (Fifteenth Finance Commission) ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ മാത്രം ഇപ്പോൾ പ്രത്യേകമായി തയ്യാറാക്കേണ്ട ഒരു അവസ്ഥ സംജാതമായിരിക്കുന്നു. ഈ സാഹചര്യത്തിൽ എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളും 2022-23 വർഷത്തെ പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച ഉപപദ്ധതി (FFC Sub Plan)

തയ്യാറാക്കി 2022 ജനുവരി 28-നകം ഇ-ഗ്രാംസ്വരാജ് പോർട്ടിലിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ച് സർക്കാർ ഉത്തരവാകുന്നു. എഫ്.എഫ്.സി സബ്പ്ലാൻ തയ്യാറാക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

**3. എഫ്.എഫ്.സി. സബ് പ്ലാൻ തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കേണ്ട വിഹിതം**

3.1 ബേസിക് ഗ്രാന്റ്, ടൈഡ് ഗ്രാന്റ് എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലാണ് ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭ്യമാകുന്നത്. ആകെ ഗ്രാന്റിന്റെ 40 ശതമാനം ബേസിക് ഗ്രാന്റും ബാക്കി 60 ശതമാനം ടൈഡ് ഗ്രാന്റും ആയിരിക്കും.

3.2 2021-22 വർഷത്തെ വിഹിതത്തിന് ആനുപാതികമായി 2022-23 വർഷത്തെ താൽക്കാലിക വിഹിതം കണക്കാക്കി സുലേഖ സോഫ്റ്റ് വെയറിൽ ഡിസംബർ അവസാനം ലഭ്യമാക്കുന്നതാണ്. അതിന് അനുസൃതമായി എഫ്.എഫ്.സി. സബ് പ്ലാൻ ഇപ്പോൾ തയ്യാറാക്കണം. സംസ്ഥാന ബജറ്റിലൂടെ യഥാർത്ഥ വിഹിതം അറിയുന്ന മുറയ്ക്ക് എഫ്.എഫ്.സി. സബ് പ്ലാൻ പിന്നീട് പരിഷ്കരിക്കാവുന്നതാണ്.

3.3 താത്കാലിക വിഹിതത്തിനൊപ്പം 20 ശതമാനം അധിക തുകയ്ക്കുള്ള പ്രോജക്ട് നിർദേശങ്ങൾ കൂടി പരിഗണിച്ച് ഗ്രാമസഭ ഉൾപ്പെടെയുള്ള വേദികളിൽ അവതരിപ്പിക്കുകയും പ്രോജക്ടുകളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ അധിക തുകയ്ക്കുള്ള പ്രോജക്ടുകൾ ഈ ഘട്ടത്തിൽ സുലേഖ സോഫ്റ്റ്‌വെയറിലും ഇ-ഗ്രാംസ്വരാജ് പോർട്ടലിലും ഉൾപ്പെടുത്തേണ്ടതില്ല. യഥാർത്ഥ വിഹിതത്തിന് അനുസൃതമായി എഫ്.എഫ്.സി. സബ് പ്ലാൻ പിന്നീട് പരിഷ്കരിക്കുമ്പോൾ ആവശ്യമെങ്കിൽ 20 ശതമാനം അധിക തുകയ്ക്കുള്ള പ്രോജക്ടുകൾ അപ്പോൾ ഉൾപ്പെടുത്താവുന്നതാണ്.

**4 . ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന എഫ്.എഫ്.സി. ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച മാർഗരേഖ**

4 . 1 ബേസിക് ഗ്രാന്റ്: മേഖലാതല നിബന്ധനകൾ ബാധകമല്ല. വികസനഫണ്ട് വിനിയോഗിക്കാവുന്ന ഏതൊരാവശ്യത്തിനും ഉപയോഗിക്കാം. ശമ്പളം, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, വാഹനം വാങ്ങൽ എന്നിവ അനുവദനീയമല്ല.

4 . 2 ടൈഡ് ഗ്രാന്റ് : (a) ശുചിത്വം, വെളിയിട വിസർജന വിമുക്ത പദവി (ODF Status) നിലനിർത്തൽ, കക്കൂസ് മാലിന്യ പരിപാലനം ഉൾപ്പെടെയുള്ള ഖര-ദ്രവ മാലിന്യ സംസ്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ ( b ) കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ള കൊയ്ത്ത്, ജലത്തിന്റെ പുനരുപയോഗവും പുനഃചംക്രമണവും (reuse/recycling of water) എന്നീ രണ്ട് നിർണ്ണായക അടിസ്ഥാന സേവനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ടൈഡ് ഗ്രാന്റിന്റെ 50 ശതമാനം വീതം മേൽപ്പറഞ്ഞ രണ്ട് നിർണ്ണായക സേവനങ്ങളിൽ ഓരോന്നിനും വിനിയോഗിക്കണം. രണ്ട് വിഭാഗങ്ങൾ (a & b) ഉള്ളതിൽ ഒരു വിഭാഗത്തിലെ ലക്ഷ്യം സമ്പൂർണ്ണമായെങ്കിൽ (saturated) വിഹിതം പൂർണ്ണമായി മറ്റേ വിഭാഗത്തിന് ഉപയോഗിക്കാം.

4 . 3 ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ

സാങ്കേതിക പിന്തുണയും മാർഗനിർദേശങ്ങളും ശുചിത്വ മിഷൻ ലഭ്യമാക്കുന്നതാണ്.

4.4 കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ തദ്ദേശ ഭരണ സ്ഥാപന വിഹിതം വകയിരുത്തുന്നതിന് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാൻ പാടില്ല.

**5. മറ്റ് നിർദ്ദേശങ്ങൾ**

5.1 2022-23-ലെ പൂർണ വാർഷിക പദ്ധതി തയ്യാറാക്കുന്ന സമയത്ത് എഫ്.എഫ്.സി. സബ് പ്ലാൻ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്

5.2 പദ്ധതി രൂപീകരണത്തിന് ഗ്രാമസഭകളുടെ യോഗം ചേരൽ, വികസന സെമിനാർ ചേരൽ എന്നിവ ഉൾപ്പെടെ, പരാമർ ശം 1 പ്രകാരം നിശ്ചയിച്ചിട്ടുള്ള എല്ലാ നടപടിക്രമങ്ങളും എഫ്.എഫ്.സി. സബ്പ്ലാൻ തയ്യാറാക്കുന്നതിനും പാലിക്കേണ്ടതാണ്. ഗ്രാമസഭ ഉൾപ്പെടെയുള്ള യോഗങ്ങൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തേണ്ടതാണ്

5.3 ഈ ഗ്രാമസഭാ യോഗങ്ങളിൽ, അതിദാരിദ്ര്യ നിർണയ പ്രക്രിയയുടെ ഭാഗമായി തയ്യാറാക്കിയ പട്ടികയും 2022-23 വർഷത്തെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി ലേബർ ബജറ്റും അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. ഗ്രാമസഭയുടെ അംഗീകാരം കൂടാതെ അന്തിമമാക്കിയ ഗുണഭോക്തൃ പട്ടികകൾ ഈ ഗ്രാമസഭ യോഗങ്ങളിൽ അവതരിപ്പിക്കുകയും ചെയ്യേണ്ടതാണ്.

5.4 ആസൂത്രണ നടപടിക്രമങ്ങൾ സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ പോർട്ടലിൽ (https://gpdp.nic.in/) രേഖപ്പെടുത്തുമ്പോൾ പ്രത്യേക ഗ്രാമസഭാ യോഗം ചേർന്നതിന്റെ വിശദാംശങ്ങൾ ചേർക്കേണ്ട ഭാഗത്ത് വികസന സെമിനാർ ചേർന്ന തീയതിയും വികസനസെമിനാറിന്റെ ഫോട്ടോയും അപ് ലോഡ് ചെയ്യണം. എന്നാൽ പ്രത്യേക ഗ്രാമസഭാ യോഗത്തിന്റെ പങ്കാളിത്തം രേഖപ്പെടുത്തേണ്ട ഭാഗത്ത് എല്ലാ ഗ്രാമസഭകളിലും കൂടിയുള്ള ആകെ പങ്കാളിത്തത്തിന്റെ വിവരം രേഖപ്പെടുത്തേണ്ടതാണ്.

5 . 5 ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ, പ്രോജക്ടുകൾ പിന്നീട് ഭേദഗതി ചെയ്യുന്നതിന് അവസരമില്ലാത്തതിനാൽ വളരെ കൃത്യതയോടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

5 . 6 എഫ്.എഫ്.സി. സബ് പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള സമയക്രമം ചുവടെ നൽകുന്നു.

| ക്രമ നം | പ്രവർത്തനം | പൂർത്തിയാക്കേണ്ട അവസാന തീയതി |
|---|---|---|
| 1 | ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കൽ | 2021 ഡിസംബർ 31 |

| | | |
|---|---|---|
| 2 | ഗ്രാമസഭാ യോഗങ്ങൾ | 2022 ജനുവരി 14 |
| 3 | പ്രത്യേക വികസന സെമിനാർ | 2022 ജനുവരി 17 |
| 4 | എഫ്.എഫ്.സി. സബ്പ്ലാൻ അന്തിമമാക്കൽ | 2022 ജനുവരി 18 |
| 5 | പ്രോജക്ടുകൾ സുലേഖയിൽ തയ്യാറാക്കൽ | 2022 ജനുവരി 20 |
| 6 | എഫ്.എഫ്.സി. സബ് പ്ലാൻ സമർപ്പണം | 2022 ജനുവരി 22 |
| 7 | ജില്ലാ ആസൂത്രണസമിതി അംഗീകാരം | 2022 ജനുവരി 25 |
| 8 | പ്രോജക്ടുകൾ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ അപ് ലോഡ് ചെയ്യൽ | 2022 ജനുവരി 28 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
6. പഞ്ചായത്ത് ഡയറക്ടർ.
7. ഗ്രാമവികസന കമ്മീഷണർ.
8. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്.
9. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ് .
11. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും.
12. എല്ലാ ജില്ലാകളക്ടർമാർക്കും.
13. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും.
14. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
15. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്).
16. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും.
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.
19. ഡയറക്ടർ ജനറൽ, കില.
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ .
21. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
22. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ് .
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 24-12-2021 11:40:49
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്